# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSAD-PKD-19/1321/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 03/11/2021
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAD-PKD-19/1321/21 തീയ്യതി: 03/11/2021

## പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-06-2021 മുതൽ 04-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എൻ.സതീശൻ | ഡെപ്യൂട്ടിഡയറക്ടർ | 06-09-2021 | 18-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-09-2021 | 18-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

റോബർട്ട്.കെ.ജി ഓഡിറ്റ് ഓഫീസർ
രമാദേവി.കെ.ആർ,സീനിയർ ഗ്രേഡ് ഓഡിറ്റർ
കൃഷ്ണദാസ് എൻ.വി ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി ജയശ്രീ കെ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ പി എസ് ശിവദാസ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ ഗിരീഷ് ഇ വി | സെക്രട്ടറി | 01-04-2020 | 30-06-2020 |
| ശ്രീ സുനിൽകുമാർ സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-07-2020 | 20-07-2020 |
| ശ്രീ ഗിരീഷ് ഇ വി | സെക്രട്ടറി | 21-07-2020 | 27-12-2020 |
| ശ്രീ സുനിൽകുമാർ സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 28-12-2020 | 17-01-2021 |
| ശ്രീ ഗിരീഷ് ഇ വി | സെക്രട്ടറി | 18-01-2021 | 02-03-2021 |
| ശ്രീമതി കാഞ്ചന | സെക്രട്ടറി | 03-03-2021 | 28-03-2021 |
| ശ്രീ ഗിരീഷ് ഇ വി | സെക്രട്ടറി | 29-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷമിത പി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 28-06-2020 |
| ശ്രീമതി സുധ | അസിസ്റ്റന്റ് എഞ്ചിനിയർ | 29-06-2020 | 31-03-2021 |
| ഡോ അമ്മു ബി ബി | മെഡിക്കൽ ഓഫീസർ, ജി എ ഡി | 01-04-2020 | 31-03-2021 |
| ശ്രീമതി ശ്രീതു പി പ്രേമൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി സിന്ധു കെ | വി ഇ ഓ സർക്കിൾ I | 01-04-2020 | 31-03-2021 |
| ശ്രീ തങ്കരാജ് പി | വി ഇ ഓ സർക്കിൾ II | 01-04-2020 | 31-03-2021 |
| ശ്രീമതി നിർമല കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 09-11-2020 |
| ശ്രീമതി കലാവതി കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 10-11-2020 | 31-03-2021 |
| ഡോ അജിതകുമാരി | മെഡിക്കൽ ഓഫീസർ, സി എച്ച് സി | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി പ്രിൻസി എസ് ജോൺ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 02-09-2020 |
| ശ്രീമതി ഷീല | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 03-09-2020 | 31-03-2021 |
| ഡോ. അലിക്കുട്ടി | വെറ്ററിനറി സർജൻ | 01-04-2020 | 20-05-2020 |
| ഡോ.സ്മിത | വെറ്ററിനറി സർജൻ | 21-05-2020 | 30-06-2020 |
| ഡോ.ധന്യ ജോസഫ് | വെറ്ററിനറി സർജൻ | 01-07-2020 | 07-07-2020 |
| ഡോ ഷെമി വി എസ് | വെറ്ററിനറി സർജൻ | 08-07-2020 | 31-03-2021 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Krishnadas.N.V (Auditor, On 25-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 02-11-2021) | 1-1 |
| 2 | വാർഷികക്കണക്ക്<br>Written By: Ramadevi.K.R (Senior Grade Auditor, On 25-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 02-11-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Ramadevi.K.R (Senior Grade Auditor, On 26-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 02-11-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Ramadevi.K.R (Senior Grade Auditor, On 26-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 02-11-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Ramadevi.K.R (Senior Grade Auditor, On 26-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 02-11-2021) | 1-5 |
| 6 | തൊഴിലുറപ്പുപദ്ധതി-പൊതു അവലോകനം<br>Written By: K.G.Robert (Audit Officer, On 30-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 02-11-2021) | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: K.G.Robert (Audit Officer, On 20-09-2021)<br>Last Updated By: K.G.Robert (Audit Officer, On 26-10-2021) | 1-6-1 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Ramadevi.K.R (Senior Grade Auditor, On 26-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 02-11-2021) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Krishnadas.N.V (Auditor, On 29-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 02-11-2021) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: K.G.Robert (Audit Officer, On 29-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 02-11-2021) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം<br>Written By: K.G.Robert (Audit Officer, On 29-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 02-11-2021) | 1-10 |
| 12 | രശീതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണം<br>Written By: Krishnadas.N.V (Auditor, On 17-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 02-11-2021) | 1-11 |
| 13 | കെട്ടിടങ്ങളെ ശരിയായ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.<br>Written By: Krishnadas.N.V (Auditor, On 17-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 02-11-2021) | 1-12 |
| 14 | വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ചെങ്കിലും സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല.<br>Written By: Krishnadas.N.V (Auditor, On 17-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 03-11-2021) | 1-13 |
| 15 | ലൈബ്രറി സെസ്സ് യഥാസമയം ലൈബ്രറി കൗൺസിലിന് അടവാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്<br>Written By: Ramadevi.K.R (Senior Grade Auditor, On 17-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 02-11-2021) | 1-14 |
| 16 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകത്വ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് | 1-15 |

| | | |
|---|---|---|
| | നൽകൽ - ഓഡിറ്റ് നിരീക്ഷണങ്ങൾ<br>Written By: Krishnadas.N.V (Auditor, On 17-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 03-11-2021) | |
| 17 | ക്രമറ്റോറിയം നടത്തിപ്പ് കാര്യക്ഷമമാക്കേണ്ടതാണ്.<br>Written By: Krishnadas.N.V (Auditor, On 17-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 03-11-2021) | 1-16 |
| 18 | ഔഷധിയിൽ നിന്നും വാങ്ങിയ മരുന്നുകൾ പൂർണ്ണമായും സ്റ്റോക്കിലെടുത്തിട്ടില്ല, മരുന്നുകൾ ഭാഗികമായി മാത്രം ലഭ്യമായി<br>Written By: Krishnadas.N.V (Auditor, On 17-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 02-11-2021) | 1-17 |
| 19 | വൃദ്ധർക്ക് കട്ടിൽ വിതരണം പദ്ധതി - വാങ്ങൽ നടപടി ക്രമപ്രകാരമല്ല<br>Written By: Ramadevi.K.R (Senior Grade Auditor, On 18-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 03-11-2021) | 1-18 |
| 20 | സുഭിക്ഷ കേരളം പദ്ധതി-മാർഗരേഖയിലെ നിർദേശങ്ങൾ പാലിക്കേണ്ടതാണ്<br>Written By: Ramadevi.K.R (Senior Grade Auditor, On 18-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 03-11-2021) | 1-19 |
| 21 | കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിങ് ഫണ്ട്-തുടർപ്രവർത്തനങ്ങൾ ഉറപ്പാക്കേണ്ടതാണ്.<br>Written By: Ramadevi.K.R (Senior Grade Auditor, On 18-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 03-11-2021) | 1-20 |
| 22 | പി എം എ വൈ പദ്ധതിയ്ക്ക് വിഹിതം നൽകിയത്-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: Ramadevi.K.R (Senior Grade Auditor, On 18-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 03-11-2021) | 1-21 |
| 23 | പി എം എ വൈ-ഗ്രാമപഞ്ചായത്ത് വിഹിതം-ജനറൽ<br>Written By: Ramadevi.K.R (Senior Grade Auditor, On 18-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 03-11-2021) | 1-21-1 |
| 24 | പി എം എ വൈ-ഗ്രാമപഞ്ചായത്ത് വിഹിതം-എസ് സി പി<br>Written By: Ramadevi.K.R (Senior Grade Auditor, On 18-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 03-11-2021) | 1-21-2 |
| 25 | എൽ.ഇ.ഡി തെരുവു വിളക്കുകൾ വാങ്ങൽ-നടപടിക്രമങ്ങളിൽ അപാകം<br>Written By: Ramadevi.K.R (Senior Grade Auditor, On 18-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 03-11-2021) | 1-22 |
| 26 | ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നൽകിയ തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.<br>Written By: Ramadevi.K.R (Senior Grade Auditor, On 19-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 03-11-2021) | 1-23 |
| 27 | SSA യ്ക്ക് വിഹിതം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Ramadevi.K.R (Senior Grade Auditor, On 19-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 03-11-2021) | 1-24 |
| 28 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ -അവലോകനം<br>Written By: K.G.Robert (Audit Officer, On 30-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 03-11-2021) | 1-25 |
| 29 | പൊതുമരാമത്ത്- പൊതുവായ അപാകതകൾ:-<br>Written By: K.G.Robert (Audit Officer, On 30-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 03-11-2021) | 1-26 |
| 30 | തൊഴിലുറപ്പുപദ്ധതിയിൽ-പാറപ്പൊടി ഉപയോഗം പരിമിതപ്പെടുത്തുന്നത് സംബന്ധിച്ച്:-<br>Written By: K.G.Robert (Audit Officer, On 30-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 03-11-2021) | 1-27 |

| | | |
|---|---|---|
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: Ramadevi.K.R (Senior Grade Auditor, On 27-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 03-11-2021) | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K.G.Robert (Audit Officer, On 30-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 03-11-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നല്കിയ തുക<br>Written By: Ramadevi.K.R (Senior Grade Auditor, On 27-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 03-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Ramadevi.K.R (Senior Grade Auditor, On 27-09-2021)<br>Last Updated By: Ramadevi.K.R (Senior Grade Auditor, On 27-09-2021) | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ്<br>Written By: Ramadevi.K.R (Senior Grade Auditor, On 27-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 03-11-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Ramadevi.K.R (Senior Grade Auditor, On 27-09-2021)<br>Last Updated By: Ramadevi.K.R (Senior Grade Auditor, On 27-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Ramadevi.K.R (Senior Grade Auditor, On 27-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 03-11-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Ramadevi.K.R (Senior Grade Auditor, On 27-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 03-11-2021) | 4-8 |
| 9 | ചാർജ്ജ്- സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുക<br>Written By: Ramadevi.K.R (Senior Grade Auditor, On 27-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 03-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Ramadevi.K.R (Senior Grade Auditor, On 27-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 03-11-2021) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Ramadevi.K.R (Senior Grade Auditor, On 27-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 03-11-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | വാർഷികധനകാര്യ പത്രിക സംഗ്രഹം | |

## ഭാഗം -1

### 1-1 ബജറ്റ്

16.3.2020തീയതിയിലെ തീരുമാനപ്രകാരം അംഗീകരിച്ചു.

| | |
|---|---|
| മുന്നിരിപ്പ് | 929620 |
| വരവ് | 249476000 |
| ആകെ | 250405620 |
| ചെലവ് | 247775000 |
| നീക്കിയിരിപ്പ് | 2630620 |

### 1-2 വാർഷികക്കണക്ക്

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2021 | 14-5-21 | ബാധകമല്ല | ബാധകമല്ല |

2020-21 വാർഷിക കണക്കുകളിലെ അപാകങ്ങൾ താഴെ ചേർക്കുന്നു.

1.വസ്തു നികുതി ഡിമാന്റ് രജിസ്ററർ അനുസരിച്ചുള്ള ഡിമാൻറ്, കളക്ഷൻ പൊരുത്തപ്പെടുന്നില്ല.

2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല, ബാലൻസ് ഷീറ്റിലെ ആസ്തികളുടെ മൂല്യം രേഖപ്പെടുത്തിയതിന്റെ കൃത്യത ഉറപ്പാക്കിയിട്ടില്ല.

3. സംയുക്ത പ്രോജക്ററുകളുടെ വരവ് ചെലവുകൾക്കായി പ്രത്യേക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4.ലോൺ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 17192867 |
| ഓഡിറ്റ് വർഷത്തെ വരവ് | 126018722 |
| ആകെ | 143211589 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 126794139 |
| നീക്കിയിരിപ്പ് | 16417450 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 12719255 | 12719255 | 11978889 | 740366 |
| വികസനഫണ്ട് എസ്.സി.പി | 0 | 14676196 | 14676196 | 11714298 | 2961898 |
| വികസനഫണ്ട് എസ്.സി.പി | 0 | 665000 | 665000 | 663230 | 1770 |

| | | | | | |
|---|---|---|---|---|---|
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 27027000 | 27027000 | 26546828 | 480172 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 4783126 | 4783126 | 3868009 | 915117 |
| സെൻട്രൽ ഫിനാനൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 6760000 | 6760000 | 1048541 | 5711459 |
| സെൻട്രൽ ഫിനാനൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 12913238 | 12913238 | 7318550 | 5594688 |

കേന്ദ്രാവിഷ്കൃതം

1. ICDS

| | | | | | |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 1418058 | 636661 | 2054719 | 1242246 | 812473 |

2. തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 511225 | 2022364 | 2533589 | 2522176 | 11413 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 57917373 | 57917373 | 57917373 | 0 |
| ആകെ | 511225 | 59939737 | 60450962 | 60439549 | 11413 |

3. ശുചിത്വ ഫണ്ട്

| സമ്പൂർണ്ണ ശുചിത്വം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| | 632836 | 2139793 | 2772629 | 156553 | 2616076 |

സംസ്ഥാനാവിഷ്കാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വമിഷൻ ഫണ്ട്-സമ്പൂർണ്ണ ശുചിത്വം | 1200000 | 0 | 1200000 | 122000 | 1078000 |
| ശുചിത്വമിഷൻ ഗ്രാന്റ് | 0 | 894970 | 894970 | 0 | 894970 |

## 1-5 പദ്ധതി അവലോകനം

നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 205 | 259656525 | 161 | 130286728 | - | 44 | 53.6 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 78% എണ്ണത്തിനു മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 50.18% മാത്രമാണ് ചെലവഴിച്ചിട്ടുണ്ട്.

<u>വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.</u>

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 11 | 37563290 | 15021216 | 40 |
| വെറ്ററിനറി സർജ്ജൻ | 5 | 5 | 4098900 | 1315200 | 32 |
| മെഡിക്കൽ ഓഫീസർ-PHC | 6 | 6 | 1019826 | 889051 | 87പദ്ധതി അവലോകനം |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 500000 | 500000 | 100 |
| വി.ഇ.ഒ -1 | 11 | 9 | 27095418 | 9337000 | 34.4 |
| വി,.ഇ.ഒ-2 | 7 | 4 | 5581990 | 1727000 | 31 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 8 | 7084705 | 4757266 | 67 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 742601 | 500000 | 67.3 |
| സെക്രട്ടറി | 33 | 23 | 18306280 | 11664806 | 63.7 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 117 | 92 | 157663515 | 84575189 | 53.6 |
| ആകെ | 205 | 161 | 259656525 | 130286728 | 50.18 |

പരമാവധി തുക അതാത് സാമ്പത്തിക വർഷം തന്നെ ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പുപദ്ധതി-പൊതു അവലോകനം

തൊഴിലുറപ്പുപദ്ധതി മുഖേന 2020-21 സാമ്പത്തിക വർഷത്തിൽ ഇതര പ്രവർത്തികളും നടപ്പാക്കിയിട്ടുണ്ട്.

1)കോൺക്രീറ്റ് റോഡുകൾ:- 15എണ്ണം

2)ഫോക്കൽ ഏരിയാ വർക്കുകൾ:-

| | | |
|---|---|---|
| 1 | സോക്ക് പിറ്റ് | 25 എണ്ണം |
| 2 | പശുത്തൊഴുത്ത് | 47എണ്ണം |
| 3 | ആട്ടിൻകൂട് | 15 എണ്ണം |
| 4 | കോഴിഷെഡ്ഡ് | 5 എണ്ണം |
| 5 | കംപോസ്റ്റ് പിറ്റ് | 1 എണ്ണം |
| 6 | ഫാം പോണ്ട് | 25 എണ്ണം |
| 7 | അസോള ടാങ്ക് | 1 എണ്ണം |

3)രജിസ്ട്രേഷൻ വിവരങ്ങൾ:-

2020-21 കാലയളവിൽ അൺസ്കിൽഡ് തൊഴിലാളികൾ 72 എണ്ണവും, സ്കിൽഡ്, സെമിസ്കിൽഡ്, എന്നിവർ യഥാക്രമം 30, 75 എന്നിങ്ങനെയും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1-6-1 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 511225 | 2022364 | 2533589 | 2522176 | 11413 |
| എം.എൻ.ആർ.ഇ.ജി. എസ്- തൊഴിലാളികളുടെ വേതനം | 0 | 57917373 | 57917373 | 57917373 | 0 |
| ആകെ | 511225 | 59939737 | 60450962 | 60439549 | 11413 |

1-7 ക്ഷേമ പദ്ധതികൾ

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | - | - |
| 2 | കർഷക തൊഴിലാളി പെൻഷൻ | 8707100 | 3530 |
| 3 | വിധവാ പെൻഷൻ | 19175900 | 7220 |
| 4 | വാർദ്ധക്യകാല പെൻഷൻ | 29239600 | 12189 |
| 5 | വികലാംഗ പെൻഷൻ | 4108800 | 1592 |
| 6 | 50 വയസ്സ് കഴിഞ്ഞ | 1376100 | 520 |

| | | | |
|---|---|---|---|
| | അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | | |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-09-2021ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3126/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

രജിസ്റ്ററുകളുടെ സൂക്ഷിപ്പ് ക്രമപ്രകാരമല്ല, ജോയിന്റ് വെഞ്ചർ പ്രവർത്തികൾക്ക് അപ്രോപ്രിയേഷൻ സൂക്ഷിക്കുന്നില്ല. ലോൺ രജിസ്റ്റർ, മറ്റ് ലയബിലിറ്റി, മുൻകൂർ രജിസ്റ്ററുകൾ ഒന്നും തന്നെ എഴുതി സൂക്ഷിക്കുന്നില്ല. 2020-21 സാമ്പത്തിക വർഷത്തിലെ ആസ്തി രജിസ്റ്റർ എ.ഇ. മുഖേന പൂർണ്ണമായും കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയത് കാലികമാക്കി സൂക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സ്റ്റോക്ക് രജിസ്റ്ററുകളിൽ സാധനങ്ങളുടെ യഥാർത്ഥ മൂല്യം രേഖപ്പെടുത്തി പൂർണ്ണമായി സൂക്ഷിക്കണ്ടതാണ്. ഉദാ :ബിറ്റുമിൻ ബാരൽ സ്റ്റോക്ക് രജിസ്റ്റർ, സ്റ്റേഷനറി സ്റ്റോക്ക് രജിസ്റ്റർ.

പ്രൊജക്ടുകളിൽ അവശ്യം വേണ്ട മോണിറ്ററിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തി സൂക്ഷിച്ച് വരുന്നില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി മേൽപ്പറഞ്ഞ കാര്യങ്ങൾ കൂടി ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം

ജൂലൈ 2018 ൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2013-14 മുതൽ 2017-18 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. നിലവിൽ പരാമർശങ്ങളൊന്നും തീർപ്പാക്കുവാനില്ല.

പെർഫോമൻസ് ഓഡിറ്റ് ജനുവരി 2021 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ഗുരുതരമായ ക്രമക്കേടുകളൊന്നും മുൻ റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടില്ല.

## 1-11 രശീതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണം

24.05.2017-ലെ സ.ഉ(സാധാ)നം 1699/2017/തസ്വഭവ പ്രകാരം അംഗീകരിച്ച തദ്ദേശ സർക്കാർ സ്ഥാപനങ്ങൾക്കുള്ള ഓഫീസ് മാനേജ്മെന്റ് മാന്വലിൽ ഇ ഗവേർണൻസിൽ ഉൾപ്പെടെ സേവനങ്ങളുടെ സുതാര്യതയും കൃത്യതയും ഉറപ്പാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുണ്ട്. സ.ഉ (എം.എസ്) നം.150/2009/തസ്വഭവ തിയതി 1-8-2009 പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരവും പണം കൈകാര്യം ചെയ്യുവാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ അക്കൗണ്ടന്റിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കേണ്ടതും രസീതികൾ കൈകാര്യം ചെയ്യുന്നതിൽ അപാകതകൾ ഇല്ലെന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതുമാണ്. മാന്വൽ രശീതികളിലൂടെയും സാംഖ്യ സോഫ്റ്റ്‌വെയർ മുഖേനയുമുള്ള പണം വരവിന്റെ കൃത്യത ഉറപ്പാക്കുന്നതിനായി മാന്വൽ രശീതികൾ, സാംഖ്യ രശീതികളുടെ കൗണ്ടർ ഫോയിൽ, ക്യാൻസൽ ചെയ്ത രശീതികളുടെ സ്റ്റേറ്റ്മെന്റ്, എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

### 1) സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നില്ല

2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 18.01.2020 മുതൽ 20.02.2021 വരെയുള്ള കാലയളവിലെ രസീതികൾ പരിശോധിച്ചതിൽ ആകെ 65 മാന്വൽ രസീതികൾ ഉപയോഗിച്ചിട്ടുണ്ട്. മാന്വൽ

രശീതികൾ പരിശോധിച്ചതിൽ ചുവടെ ചേർത്ത രശീതി ബുക്കുകളിൽ കെടിസി വാല്യം 1 ആർട്ടിക്കിൾ 92 ബി, കുറിപ്പ് 2 പ്രകാരമുള്ള സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയതായി കാണുന്നില്ല.

| ക്രമ നം | ബുക്ക് നം |
|---|---|
| 1 | 22725 |
| 2 | 22728 |
| 3 | 22724 |

2. <u>ക്യാൻസൽ ചെയ്ത ചുവടെ ചേർത്തിട്ടുള്ള സാംഖ്യ രശീതികളിൽ കാരണം രേഖപ്പെടുത്തുകയോ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്യുന്നില്ല</u>

| ക്രമ നം | രശീതി സീരിയൽ നം |
|---|---|
| 1 | A3219048 |
| 2 | A3219047 |
| 3 | A3219101 |
| 4 | A0719958 |
| 5 | A0719959 |
| 6 | A3219527 |
| 7 | A3219540 |
| 8 | A3219622 |
| 9 | A3219623 |

മേൽ വിഷയത്തിന്മേൽ മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിലവിൽ രശീത് ബുക്കുകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ട് എന്നും മേൽ പരാമർശിത സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ശ്രദ്ധിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.
(ഓഡിറ്റ് അന്വേഷണം നമ്പർ- 7/13.09.2021)

<u>1-12 കെട്ടിടങ്ങളെ ശരിയായ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.</u>

2020-21 വർഷത്തിലെ വസ്തു നികുതി നിർണ്ണയത്തിലെ കൃത്യത പരിശോധിച്ചതിൽ ഒരു വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തെ തെറ്റായി നികുതി നിർണ്ണയിച്ച് നികുതി ഈടാക്കിയതുവഴി 2636രൂപ നഷ്ടമുണ്ടായതായി കണ്ടെത്തി. 100 ചതുരശ്ര മീറ്ററിൽ മുകളിൽ വാണിജ്യ/ വ്യവസായ കെട്ടിടങ്ങളെ 100 ച.മീറ്റർ വരെ വിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ ഷോപ്പുകൾ എന്ന കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി നികുതി ഈടാക്കിയതിനാലാണ് നഷ്ടം ഉണ്ടായിട്ടുള്ളത്. വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ വിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ ഷോപ്പുകൾ മുതലായവയ്ക്ക് ച.മീറ്ററിന് 30 രൂപയും, 100 ചതുരശ്ര മീറ്ററിൽ മുകളില് വിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ ഷോപ്പുകൾ മുതലായവയ്ക്ക് ച.മീറ്ററിന് 50 രൂപയും ആണ് പഞ്ചായത്തിൽ നികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്, കെട്ടിടനം, കെട്ടിട ഉടമസ്ഥൻ | തറ വിസ്തീർണം (ച.മീ) | നിലവിലെ നിർണ്ണയിക്കപ്പെട്ട വസ്തു നികുതി | യഥാർത്ഥത്തിൽ ഈടാക്കേണ്ട വസ്തുനികുതി | കുറവ് (രൂ.) |
|---|---|---|---|---|---|
| 1 | 9/552, രഘു, S/O നടരാജൻ | 110.17 ച.മീ | വസ്തു നികുതി- 3305.1 ഇളവ്- 198.35 വർദ്ധനവ്- | വസ്തു നികുതി- 5508.5 ഇളവ്- 330.51 വർദ്ധനവ്- 1101.7 ലൈബ്രറി | 2636 |

| | | | | | |
|---|---|---|---|---|---|
| | | | 661.02<br>ലൈബ്രറി<br>സെസ്സ്-<br>189<br>ആകെ-<br>3958 രൂപ | സെസ്സ്- 314<br>ആകെ-<br>6594 രൂപ | |
| ആകെ | | | | | 2636<br>രൂപ |

അപാകതകൾ പരിഹരിക്കുന്നതിനും മറ്റ് ഏതെങ്കിലും കെട്ടിടങ്ങൾക്ക് മേൽ സൂചിപ്പിച്ച പ്രകാരം നികുതി തെറ്റായി നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ച് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ആവശ്യമായ മാറ്റങ്ങൾ സഞ്ചയയിൽ വരുത്തിയിട്ടുണ്ടെന്നും പരിഷ്കരിച്ച നിരക്കിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതുമാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നമ്പർ- 16/16.09.2021)

<u>ഓഡിറ്റ് നിർദ്ദേശം</u>

1) മേൽ പട്ടികയിൽ പരാമർശിച്ചിട്ടുള്ള കെട്ടിട ഉടമസ്ഥനിൽ നിന്നും നിയമാനുസൃത നികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

2) മറ്റ് ഏതെങ്കിലും കെട്ടിടങ്ങൾക്ക് മേൽ സൂചിപ്പിച്ച പ്രകാരം നികുതി തെറ്റായി നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ച് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>1-13 വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ചെങ്കിലും സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല.</u>

2011 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാകുന്നു.

14.01.2011 ലെ സ.ഉ(അ) നം. 19/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 36/2011 വിജ്ഞാപനം പ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രബല്യത്തിൽ വരുന്ന തീയതിയും സർക്കാർ നിശ്ചയിച്ചിരുന്നു. ഇതിൽ 24.02.2015-ലെ സ.ഉ(അ)നം.36/2015/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 100/2015 വിജ്ഞാപനം പ്രകാരവും 08.09.2020-ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 575/2020 വിജ്ഞാപനം പ്രകാരവും ഉപയോഗക്രമങ്ങൾ കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിരുന്നു.

പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിൽ മേൽ ഉത്തരവുകളുടെ നിർദ്ദേശാനുസരണം പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 31.08.2021 ലെ 18-ാം നമ്പർ തീരുമാന പ്രകാരം നികുതി നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ആയത് സഞ്ചയ സോഫ്റ്റ്‌വെയറിൽ നാളിതുവരെ ഉൾപ്പെടുത്തിയിട്ടില്ല എന്ന് കണ്ടെത്തി. സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്താത്ത ഉപയോഗക്രമങ്ങളും അവയ്ക്ക് സർക്കാർ നിർദ്ദേശിച്ച കുറഞ്ഞതും കൂടിയതുമായ പരിധിയും, ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള നിരക്കുകളും ചുവടെ ചേർക്കുന്നു.

| ക്രമ | ഉപയോഗക്രമം | കുറഞ്ഞ | കൂടിയ | |
|---|---|---|---|---|

| നം | | നിരക്ക് | നിരക്ക് | ഗ്രാമ പഞ്ചായത്ത് നിശ്ചയിച്ച നിരക്ക് |
|---|---|---|---|---|
| 1 | സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ | 30 | 60 | 40 |
| 2 | വിദ്യാഭ്യാസ സ്ഥാപനത്തിൻറെ കോമ്പൗണ്ടിൽ വരുന്നതും അതിൻറെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാൻറീൻ, വർക്ക്ഷോപ്പ് | 3 | 8 | |
| 3 | മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ് മെൻറ് ആക്ട്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 | 20 |
| 4 | ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ | 150 | 160 | 160 |
| 5 | റസിഡൻഷ്യൽ ഹോംസ്റ്റേ | 10 | 25 | 20 |

പഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച വസ്തുനികുതി നിരക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്താത്തതിന്റെ കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയതായി രേഖകൾ സഹിതം ഓഡിറ്റിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നമ്പർ- 17/16.09.2021)

<u>ഓഡിറ്റ് നിർദ്ദേശം</u>

വസ്തു നികുതി നിരക്കുകൾ നിശ്ചയിക്കുന്നത് സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതും നിശ്ചയിച്ച നിരക്കുകൾ താമസംവിനാ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തേണ്ടതുമാണ്. ആയതിന് വിഴ്ച്ച വരുത്തുന്നത് കെട്ടിടങ്ങളെ തെറ്റായ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിക്കുന്നതിനും നികുതി നഷ്ടത്തിനും കാരണമാകും എന്നതിനാൽ സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ കാലതാമസം വരുത്താതെ നടപ്പാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

<u>1-14 ലൈബ്രറി സെസ്സ് യഥാസമയം ലൈബ്രറി കൗൺസിലിന് അടവാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്</u>

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടയ്ക്കണം. ആദ്യ ഗഡു ഏപ്രിൽ 30 നകവും, രണ്ടാമത്തെ ഗഡു നവംബർ 30 നകവും അടയ്ക്കേണ്ടതാണ്. ഇതിൽ വീഴ്ച്ച വരുത്തിയാൽ അത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽ നിന്ന് ഈടാക്കുന്നതാണ് എന്ന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 20.09.2005 തിയതിയിലെ 10088/എൽ3/05 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്.

പട്ടഞ്ചേരി ഗ്രാമ പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം 1,10,862 രൂപ ലൈബ്രറി കൗൺസിലിന് അടവാക്കാൻ ബാക്കിയുണ്ട്. അനുബന്ധ രേഖകൾ പരിശോധിച്ചപ്പോൾ 2020-21 വർഷത്തിൽ ഒന്നാം ഗഡു (130450 രൂപ, വൗച്ചർ നമ്പർ, തിയതി- 52000512/ 08.10.2020 ) അടവാക്കിയിട്ടുണ്ടെങ്കിലും രണ്ടാമത്തെ ഗഡു നാളിതുവരെ അടവാക്കിയിട്ടില്ല എന്ന് കണ്ടെത്തി. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 14.09.2020 ലെ 5122977 നമ്പർ ട്രഷറി ചെക്ക് പ്രകാരം 2020-21 ലെ രണ്ടാം ഗഡു തുകയായ 84615 രൂപ ലൈബ്രറി കൗൺസിലിന് അടവാക്കിയിട്ടുണ്ട്. തുടർ വർഷങ്ങളിൽ ലൈബ്രറി സെസ്സ് അടവാക്കുന്നതിലെ സമയക്രമം പാലിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ- 4/13.09.2021)

## 1-15 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകത്വ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - ഓഡിറ്റ് നിരീക്ഷണങ്ങൾ

പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ 175 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയോ പുതുക്കി നൽകുകയോ ചെയ്തിട്ടുണ്ട്. ആയതിന്റെ കൃത്യത പരിശോധിച്ചതിന്മേലുള്ള കണ്ടെത്തലുകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

1. അപേക്ഷകളിൽ മൂലധനനിക്ഷേപം ചേർക്കുന്നില്ല

1.) 31.10.2017 തിയതിയിലെ ജി.ഒ(പി)നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996 ലെ കേരള പഞ്ചായത്ത് രാജ്(അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി ചട്ടം പ്രകാരം അസഹ്യവും ആപൽകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ എന്നത് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. ഭേദഗതിക്കു മുമ്പ് ചട്ടം 10 ലെ പട്ടിക രണ്ട് പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് വ്യാപാരങ്ങൾക്ക് പരമാവധി ഫീസ് ഈടാക്കിയിരുന്നത്. ഭേദഗതി ചട്ടം അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നും ഓരോ വിഭാഗത്തിനേയും ഉത്പാദനം, സേവനം എന്നിങ്ങനെ വേർതിരിച്ചും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന പരമാവധി ഫീസ് ഈടാക്കേണ്ടതാണ്.

| വ്യവസായസ്ഥാപനത്തിന്റെ തരം | ചുമത്താവുന്ന പരമാവധി തുക |
|---|---|
| മൈക്രോ | 500/- |
| മിനി | 1000/- |
| സ്മാൾ | 5000/- |
| മീഡിയം | 10000/- |
| ലാർജ്ജ് | 15000/- |

മിക്ക അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപന ഉടമയുടെ പേര് | സ്ഥാപനത്തിന്റെ പേര് | വാർഡ് നം. | ലൈസൻസ് ഫീസ് |
|---|---|---|---|
| അബ്ദുൾ അസീസ് | സ്ക്രാപ്പ് വർക്ക് | 2/590 | 500 |
| രാജൻ | സ്റ്റേഷനറി | 6/567 | 250 |
| യാക്കൂബ് | സിമന്റ് കച്ചവടം | 10/243 | 250 |
| ബാബുരാജ് | ഫർണീച്ചർ കച്ചവടം | 12/394 | 250 |
| രാജൻ എ | ഫാൻസീ സ്റ്റോർ | 14/32 | 500 |

ഓരോ സ്ഥാപനത്തിന്റേയും മുലധനനിക്ഷേം ഉറപ്പുവരുത്താതെയാണ് ഗ്രാമപഞ്ചായത്തിൽ നിലവിൽ ലൈസൻസ് ഫീസ് ഈടാക്കുന്നത്. ഒരേ വിഭാഗത്തിൽപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ത ഫീസ് ഈടാക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുമില്ല.

ഓരോ വിഭാഗത്തിന്റേയും പരമാവധി ഫീസ് ആണ് പട്ടികയിൽ നൽകിയിട്ടുള്ളത്. ആയതിനാൽ ഓരോ വിഭാഗത്തിലേയും സ്ഥാപനങ്ങളിൽ നിന്നും മൂലധന നിക്ഷേപം അനുസരിച്ച് വ്യത്യസ്ത തുക ഈടാക്കുന്നതിനായി ഭരണസമിതിക്ക് സ്ലാബ് നിശ്ചയിക്കാവുന്നതാണ്. ലൈസൻസ് അപേക്ഷകളിൽ കൃത്യമായ മൂലധന നിക്ഷേപം ചേർക്കുന്നുവെന്നും ആയതിനനുസരിച്ച് ഫീസ് ഈടാക്കുന്നുവെന്നും ഉറപ്പാക്കേണ്ടതാണ്.

ബി.) സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കി നൽകുമ്പോൾ സത്യവാങ്മൂലം വാങ്ങുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം അപേക്ഷകനിൽ നിന്നുള്ള സ്വയം സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് പുതുക്കി നൽകാവുന്നതാണ്. മറ്റ് രേഖകളൊന്നും പുതുക്കലിനായി ചട്ടത്തിൽ നിഷ്കർഷിച്ചിട്ടില്ല. എന്നാൽ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിൽ തൻവർഷം പുതുക്കലിനുള്ള അപേക്ഷയോടൊപ്പം മറ്റ് രേഖകളെല്ലാം വാങ്ങി സൂക്ഷിച്ചിട്ടുണ്ടെങ്കിലും അപേക്ഷകനിൽ നിന്നും ചട്ടപ്രകാരമുള്ള സത്യവാങ്മൂലം വാങ്ങി സൂക്ഷിച്ചിട്ടില്ല എന്ന് കണ്ടെത്തി. നടപ്പുവർഷം മുതൽ സത്യവാങ്മൂലവും ഉൾപ്പെടുത്തിയാണ് അപേക്ഷകൾ സ്വീകരിക്കുന്നത് എന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്. ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ചട്ടപ്രകാരമുള്ള രേഖകൾ മാത്രം ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സി.) ലൈസൻസ് അപേക്ഷയിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കേണ്ടതാണ്

ലൈസൻസ് അപേക്ഷകളിലെ നിബന്ധനകളിൽ 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്കുകൾ ഉപയോഗിക്കരുതെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. സ.ഉ(കൈ)നം.6/2019/പരി. തിയതി 27-11-2019 പ്രകാരം സംസ്ഥാനത്ത് ഒറ്റത്തവണ മാത്രം ഉപയോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കൾക്ക് 1-1-2020 മുതൽ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകൾ അവയുടെ കനം നോക്കാതെ നിരോധിച്ചിട്ടുണ്ട്. ആയതിനാൽ ലൈസൻസ് അപേക്ഷകളിൽ 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിക്കരുതെന്ന വ്യവസ്ഥ ഒഴിവാക്കി പുതുക്കിയ നിബന്ധനകൾ ചേർക്കേണ്ടതാണ്.

ഡി) രേഖകളുടെ അഭാവത്തിൽ ലൈസൻസ് അനുവദിച്ചില്ല- സ്ഥാപനം പ്രവർത്തിച്ചുവരുന്നു

പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിൽ 6/81 നമ്പർ കെട്ടിട നമ്പരിൽ പ്രവർത്തിച്ചുവരുന്ന പെട്രോൾ പമ്പിന് ലൈസൻസ് അനുവദിക്കുന്നതിനായി ഉടമസ്ഥൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും (എ9-111/26.02.2020) പൊല്യൂഷൻ കൺട്രോൾ ബോർഡ് സാക്ഷ്യപത്രം, ഫയർ എൻ.ഒ.സി എന്നിവ ഹാജരാക്കാത്തതിനാൽ ലൈസൻസ് അനുവദിച്ചിട്ടില്ലെന്നും രേഖകൾ പരിശോധിച്ചപ്പോൾ ബോധ്യപ്പെട്ടു.

സ്ഥാപനത്തിന് മുൻവർഷങ്ങളിൽ അനുവദിച്ച ലൈസൻസ് പരിശോധിച്ചതിൽ 2015-16 സാമ്പത്തിക വർഷത്തിൽ പ്രവർത്തിക്കുന്നതിനാണ് അവസാനമായി ലൈസൻസ് അനുവദിച്ചതെന്ന് കണ്ടെത്തി. (നം. എ9-1268/15, തിയതി- 28.02.2020, ലൈസൻസ് ഫീസ്- 1000 രൂപ, രസീത് നമ്പർ-11405105121/28.02.2020) നിലവിൽ സ്ഥാപനം ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചുവരുന്നത് എന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്.

ആവശ്യമായ രേഖകൾ ആവശ്യപ്പെട്ടുകയും ഹാജരാക്കുന്ന മുറയ്ക്ക് ലൈസൻസ് അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മതിയായ രേഖകൾ ഹാജരാക്കാത്ത പക്ഷം ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഇ) പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ 5 കടമുറികളാണ് ഉള്ളത്. ആയതിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിൽ ലൈസൻസ് ഇല്ലാതെയാണ് സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നത് എന്ന് ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ വിശദാംശം |
|---|---|---|
| 1 | 9/433 | ടൈലറിംഗ് യൂണിറ്റ്, ജൗളിക്കച്ചവടം |
| 2 | 9/434 | പെട്ടിക്കട |
| 3 | 9/435 | അക്ഷയ സെന്റർ |
| 4 | 9/436 | ടൈലറിംഗ് യൂണിറ്റ് |
| 5 | 9/438 | സ്റ്റേഷനറി |

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ സ്ഥാപനങ്ങൾക്ക് ചട്ടപ്രകാരമുള്ള ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് നിരീക്ഷണങ്ങളിന്മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഓഡിറ്റ് നിർദ്ദേശങ്ങൾ പ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

(ഓഡിറ്റ് അന്വേഷണം നമ്പർ- 6/13.09.2021)

## 1-16 ക്രമറ്റോറിയം നടത്തിപ്പ് കാര്യക്ഷമമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായ ക്രമറ്റോറിയത്തിന്റെ നടത്തിപ്പ് ചെലവുകൾ വരവിനെ അധികരിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. ക്രമറ്റോറിയത്തിന്റെ വരവ് ചെലവുകൾ, പരിപാലനം എന്നിവ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണം ചുവടെ ചേർക്കുന്നു.

ക്രമറ്റോറിയം വരവ്

2019 ഓഗസ്റ്റ് മുതലാണ് ക്രമറ്റോറിയം പ്രവർത്തനം ആരംഭിച്ചത്. 3000 രൂപയാണ് ക്രമറ്റോറിയം ഫീസായി നിശ്ചയിച്ചിട്ടുള്ളത്.

| സാമ്പത്തിക വർഷം | വരവ് ( രൂപ ) |
|---|---|
| 2019-20 | 6,66,000 |
| 2020-21 | 11.31.000 |

ക്രമറ്റോറിയം ചെലവ്

ക്രമറ്റോറിയം ചെലവ് രേഖപ്പെടുത്തുന്നതിനായി പ്രത്യേകം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ 2019-20, 2020-21 വർഷങ്ങളിലെ തനത് ഫണ്ട് ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള ചെലവുകളാണ് ഓഡിറ്റിന് ആധാരമാക്കിയിട്ടുള്ളത്.

| ചെലവിനം | 2019-20 | 2020-21 |
|---|---|---|
| ഇലക്ട്രിസിറ്റി ചാർജ് | 19221 | 22327 |
| എൽ.പി.ജി | 228081 | 417273 |
| ജീവനക്കാരുടെ വേതനം (പ്രതിമാസം- 9000 രൂപ - 2 ജീവനക്കാർ) | 144000 | 216000 |
| അറ്റകുറ്റപ്പണികൾക്കായുള്ള ചെലവ് | 231901 | 115395 |
| ആകെ | 623203 | 775730 |

കോവിഡിന്റെ പശ്ചാത്തലത്തിൽ പി.പി.ഇ കിറ്റ് സഹിതം ബർണറിൽ ദഹിപ്പിക്കേണ്ട സാഹചര്യമുണ്ടാവുകയും ക്രമറ്റോറിയം ഉപകരണങ്ങൾക്ക് ഇടയ്ക്കിടെ കേടുപാടുകൾ ഉണ്ടാകുന്നുണ്ടെന്നും അറ്റകുറ്റപ്പണികൾക്കായി ചെലവ് വർദ്ധിക്കുന്നുണ്ടെന്നും അധികൃതർ അറിയിച്ചിട്ടുണ്ട്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ക്രമറ്റോറിയം വരവ് ചെലവുകൾ

രേഖപ്പെടുത്തുന്നതിനായി പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നമ്പർ- 8/13.09.2021)

ഓഡിറ്റ് നിർദ്ദേശം

ക്രമറ്റോറിയം വരവ് ചെലവുകൾ രേഖപ്പെടുത്തുന്നതിനായി പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നതും ആയത് മോണിറ്ററിംഗ് നടത്തുന്നതും ക്രമറ്റോറിയത്തിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് വഴിയൊരുക്കുമെന്നും ക്രമറ്റോറിയത്തിന്റെ ഭാവിയിലെ അറ്റകുറ്റപ്പണികൾക്കും വിപുലീകരണത്തിനും ചെലവാകാവുന്ന തുകകൾ വരവിൽ നിന്നുതന്നെ കണ്ടെത്തുന്നത് പ്രസ്തുത ഇനത്തിലെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ നിയന്ത്രിക്കാനാവും എന്നും ഓഡിറ്റ് വിലയിരുത്തുന്നു.

1-17 ഔഷധിയിൽ നിന്നും വാങ്ങിയ മരുന്നുകൾ പൂർണ്ണമായും സ്റ്റോക്കിലെടുത്തിട്ടില്ല, മരുന്നുകൾ ഭാഗികമായി മാത്രം ലഭ്യമായി

പട്ടഞ്ചേരി ഗവ. ആയുർവ്വേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി തൻവർഷം ഒരു പ്രൊജക്ട് ആവിഷ്കരിച്ചിട്ടുണ്ട്. രേഖകളുടെ പരിശോധനയിൽ ഔഷധിയിൽ നിന്നും ലഭിച്ച ഒരു മരുന്ന് സ്റ്റോക്കിലെടുത്തിട്ടില്ല എന്നും, മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ലഎന്നും കണ്ടെത്തി.

എ) പ്രോജക്ടിന്റെ പേര് : പട്ടഞ്ചേരി ഗവ. ആയുർവ്വേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ (31/21)

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)

അടങ്കൽ : 5,00,000 രൂപ

ചെലവ് : 5,00,000 രൂപ (ബിൽ നം. തിയ്യതി : 1 / 10.11.2020)

ലഭ്യമായ മരുന്നുകളിൽ സ്റ്റോക്കിൽ എടുക്കാത്ത മരുന്നിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം./ തിയ്യതി | പേര് | ഇൻവോയ്സ് പ്രകാരം എണ്ണം | വില (രൂപ) | സ്റ്റോക്കിൽ എടുക്കാത്ത മരുന്നുകളുടെ മൂല്യത്തുക (രൂപ) |
|---|---|---|---|---|---|
| 1 | 90193481/ 31.12.2020 | Gulgulupanchapalam | 50 ഗ്രാം X 30 എണ്ണം | 32 | 30x32 =960/- |

ബി) ഔഷധിയിൽ നിന്നും ഭാഗികമായി മാത്രം മരുന്നുകൾ ലഭ്യമായി

പദ്ധതി പ്രകാരം ഔഷധിയ്ക്ക് 5,00,000 രൂപ മുൻകൂർ നൽകിയെങ്കിലും മുഴുവൻ മരുന്നുകളും നാളിതുവരെ ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

മുൻകൂർ നൽകിയ തുക : 5,00,000 രൂപ

(അക്കൗണ്ട് ട്രാൻസ്ഫർ മുഖേന മാനേജിംഗ് ഡയറക്ടർ ഔഷധിയുടെ IFSC- PUNB0591300, Ac. No- 5913005900000015)

മുൻകൂർ നൽകിയ തുകയിൽ ലഭ്യമാകാത്ത മരുന്നുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ലഭിച്ച മരുന്നുകളുടെ വിവരം | | ലഭിച്ച മരുന്നുകളുടെ മൂല്യം (രൂപ) |
|---|---|---|---|
| | ഇൻവോയ്സ് നം | തിയതി | |
| 1 | 90188089 | 20.11.20 | 169620 |
| 2 | 90193481 | 31.12.20 | 172656 |
| 3 | 90197291 | 30.01.21 | 106402 |
| 4 | 90201134 | 28.02.21 | 13398 |
| 5 | 90205283 | 30.03.21 | 25118 |
| | | | |

| | | | |
|---|---|---|---|
| 6 | 90206688 | 05.05.21 | 3103 |
| ആകെ | | | 490297 |

ക്രമീകരിക്കാൻ ബാക്കിയുള്ള മുൻകൂർ

മുൻകൂർ നൽകിയ തുക : 5,00,000 രൂപ

നാളിതുവരെ ലഭിച്ച മരുന്നുകളുടെ മൂല്യം : 4,90,297 രൂപ

ക്രമീകരിക്കാൻ ബാക്കിയുള്ള തുക : 9703 രൂപ

മരുന്നുകൾ സ്റ്റോക്കിലെടുക്കാത്തത് സംബന്ധിച്ചും 9703 രൂപയുള്ള മരുന്നുകൾ നാളിതുവരെ ലഭ്യമാക്കാത്തത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നമ്പർ- 5/13.09.2021)

സി) ഓഡിറ്റ് നിർദ്ദേശം

1) ലഭ്യമാകാത്ത മരുന്നുകൾ ഔഷധിയിൽ നിന്നും താമസംവിനാ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആയത് സ്റ്റോക്കിലെടുക്കേണ്ടതും രേഖകൾ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-18 വൃദ്ധർക്ക് കട്ടിൽ വിതരണം പദ്ധതി - വാങ്ങൽ നടപടി ക്രമപ്രകാരമല്ല

സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ തിയതി 14.2.2018 ഖ. 7.1.13 അനുസരിച്ച് നിശ്ചിത സ്പെസിഫിക്കേഷനിലുള്ളതും പരമാവധി ₹4350 ൽ അധികരിക്കാത്തതുമായ നിരക്കിൽ വൃദ്ധർക്ക് കട്ടിൽ വാങ്ങി നല്കാവുന്നതാണ്.

പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിൽ 2020-21 വർഷത്തിൽ വൃദ്ധർക്ക് കട്ടിൽ(എസ്.സി) എന്ന പേരിൽ ഐ.സി.ഡി.എസ്.സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതി 2019-20ൽ ആവിഷ്ക്കരിച്ച് സ്പിൽ ഓവർ ആയവയാണ്. പ്രോജക്റ്റിൽ കട്ടിലിന്റെ സമാഹരണ രീതി പൊതു മാർക്കറ്റിൽ നിന്നും ക്വട്ടേഷൻ/ടെണ്ടർ മുഖേന എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയിൽ വിഭാവനം ചെയ്തതിൽ നിന്നും വ്യത്യസ്തമായി വികസന ഫണ്ടിൽ നിന്നും ആകെ 3,91,451 രൂപ ചെലവഴിച്ച് KADCO എന്ന സ്ഥാപനത്തിൽ നിന്നും 3655 നിരക്കിൽ നേരിട്ട് കട്ടിലുകൾ വാങ്ങുകയാണ് ചെയ്തിരിക്കുന്നത്. കട്ടിലുകളുടെ ടാക്സുൾപ്പെടെയുള്ള വില കണക്കാക്കുമ്പോൾ, മാർഗരേഖ പ്രകാരം അനുവദനീയമായ പരമാവധി തുക-4350-കാഡ്കോ ഈടാക്കിയിട്ടുണ്ട്. ചെലവിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് | അടങ്കൽ | ചെലവ് | കട്ടിലിന്റെ എണ്ണം |
|---|---|---|---|---|
| 1 | 91/21-വൃദ്ധർക്ക് കട്ടിൽ വിതരണം (SCP) | 400000 | 1)ബിൽ നം-2/16.4.2020, 260967<br>ഇൻവോയ്സ്-NRO/Sales/717/13.3.2020-260967<br>2)ബിൽ നം-3/16.4.2020, 130484<br>ഇൻവോയ്സ്-NRO/Sales/718/13.3.2020-130484<br>ആകെ - 391451 | 60<br>30 |

കട്ടിൽ വാങ്ങൽ സംബന്ധിച്ച് പർച്ചേസ് കമ്മിറ്റി താഴെ പറയും പ്രകാരം തീരുമാനം എടുത്തിട്ടുണ്ട്.
9.1.2020ലെ തീരുമാനം നം. 3: ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തുന്ന പദ്ധതി നം. 25- വൃദ്ധർക്ക് കട്ടിൽ(ജനറൽ), 54- വൃദ്ധർക്ക് കട്ടിൽ(എസ് സി), 57- വൃദ്ധർക്ക് കട്ടിൽ(എസ് ടി) എന്നീ പദ്ധതികളുടെ നിർവഹണത്തിനായി –കട്ടിലുകൾ KADCO യിൽ നിന്നും നേരിട്ടു വാങ്ങുന്നതിന് യോഗം തീരുമാനിച്ചു.*

സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ 3.10.2018 ലെ GO(Rt)No.42/2018/SPD നമ്പർ ഉത്തരവാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. നേരിട്ട് കട്ടിൽ വാങ്ങുന്നതിന് ആസ്പദമായ ഉത്തരവ് സ്റ്റീൽ ഫർണീച്ചർ ടെണ്ടർ കൂടാതെ KADCO യിൽ നിന്നും നേരിട്ട് വാങ്ങുന്നതിനുള്ള റേറ്റ് കോൺട്രാക്റ്റുമായി ബന്ധപ്പെട്ടതാണ്. സ.ഉ(ആർടി)നം.59/2017/SPD തിയതി 20-10-2017 ലാണ് റേറ്റ് കോൺട്രാക്റ്റ് ഉള്ള ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ഇനങ്ങളുടെ കാലാവധി 3.10.2018 ലെ ഉത്തരവു പ്രകാരം 20.10.2018 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചു നൽയിട്ടുണ്ട്. ഉത്തരവിലെ അവസാന ഖണ്ഡികയിൽ SPD യുടെ Price List ൽ ഉൾപ്പെടാത്തതായ വസ്തുക്കൾ വാങ്ങുന്നതിന് ക്വട്ടേഷൻ/ടെണ്ടർ ക്ഷണിച്ച് വാങ്ങാനും നിർദേശമുണ്ട്. പദ്ധതി പ്രാകരം വാങ്ങേണ്ട 8 Mm കനമുള്ള പ്ലൈവുഡ് ഉറപ്പിച്ച മരത്തടിയിൽ/സ്റ്റീലിൽ പണിത 198*90*60 സെ.മീ അളവിലുള്ള കട്ടിലിന് KADCO യ്ക്ക് റേറ്റ് കോൺട്രാക്റ്റ് നിലവിലില്ല. റേറ്റ് കോൺട്രാക്റ്റ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഫർണീച്ചറുകൾ കാഡ്കോയിൽ നിന്നും നേരിട്ടു വാങ്ങാവുന്നതാണെന്ന സർക്കാർ ഉത്തരവും ലഭ്യമാക്കിയിട്ടില്ല.
അർഹതയില്ലാത്ത സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങൽ നടത്തിയത് സ്റ്റോർസ് പർച്ചേസ് മാനദണ്ഡങ്ങളുടെ ലംഘനമായി വിലയിരുത്തുന്നു.
വാങ്ങൽ നടപടിക്രമങ്ങളിൽ സുതാര്യത, മത്സരം, മിതവ്യയത്വം, കാര്യക്ഷമത എന്നിവ ഉറപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
പദ്ധതി നടത്തിപ്പിന് ബാധകമല്ലാത്ത ഉത്തരവനുസരിച്ചുള്ള വാങ്ങൽ നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് 12 നമ്പരായി 15-09-21 ന് നല്കിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല.

## 1-19 സുഭിക്ഷ കേരളം പദ്ധതി-മാർഗരേഖയിലെ നിർദേശങ്ങൾ പാലിക്കേണ്ടതാണ്

2020-21 വർഷത്തിൽ കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികളുടെ രേഖകൾ പരിശോധിച്ചതിൽ സുഭിക്ഷ കേരളം പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് സബ്സിഡി മാർഗരേഖയിലെ നിർദേശങ്ങൾ, നടപടി ക്രമങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലുള്ള കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.
ഗ്രാമപഞ്ചായത്തിൽ തരിശ് ഭൂമിയിൽ കൃഷി ചെയ്ത് കൊണ്ട് ഉൽപാദന വർദ്ധനവുണ്ടാക്കാൻ സുഭിക്ഷ കേരളം പദ്ധതിയിലൂടെ നെൽകൃഷി, പച്ചക്കറി കൃഷി എന്നിവയ്ക്കായി ധനസഹായം അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ പദ്ധതികൾ തയ്യാറാക്കൽ-സബ്സിഡി-ധനസഹായം, അനുബന്ധവിഷയങ്ങൾ സംബന്ധിച്ച് പ്രസിദ്ധീകരിച്ച സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 പ്രകാരവും 29.05.20-ലെ സ.ഉ (സാ.ധാ) നം. 1009/2020/ ത.സ്വ.ഭ.വ പ്രകാരമുള്ള ഭേദഗതി ഉത്തരവിലെ താഴെ ചേർക്കുന്ന ഖണ്ഡികകൾ പ്രകാരവും തരിശുഭൂമിയിലെ കൃഷിക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഖണ്ഡിക 2.2.1 പ്രകാരം മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവർത്തികൾ ചെയ്യിട്ടില്ലാത്ത ഭൂമിയാണ് തരിശായി പരിഗണിക്കേണ്ടത്. ആയത് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. 2.2.3പ്രകാരം തരിശുഭൂമിയിലെ ആദ്യ കൃഷിക്ക് മാത്രമാണ് ആനുകൂല്യം നൽകാവുന്നത്. 2.2.4 പ്രകാരം ആനുകൂല്യം രണ്ടുതവണകളായി നൽകേണ്ടതാണ്, ആദ്യ തവണ പ്ലാന്റിംഗ് നടക്കുമ്പോഴും രണ്ടാം തവണ സീസണിന്റെ പകുതിയിലുള്ള പരിശോധനയ്ക്കുശേഷവും. എന്നാൽ കൃഷി ഓഫീസർ നടപ്പിലാക്കിയ താഴെചേർക്കുന്ന പദ്ധതികളിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1.പ്രോജക്റ്റ് നമ്പർ - 194/21- സുഭിക്ഷ കേരളം- തരിശുഭൂമിയിൽ നെൽകൃഷി

അടങ്കൽ- 2,00,000(വികസനഫണ്ട് , ജനറൽ)

ചെലവ്- 185150( ബിൽ നമ്പർ PTY-44/20-21, 28-1-21, വികസനഫണ്ട് , ജനറൽ)

2.പ്രോജക്റ്റ് നമ്പർ - 195/21- സുഭിക്ഷ കേരളം- തരിശ്ശുഭൂമിയിൽ പച്ചക്കറി കൃഷി

അടങ്കൽ- 4,00,000(വികസനഫണ്ട് , ജനറൽ)

ചെലവ്- 3,44,150( ബിൽ നമ്പർ PTY-46/20-21, 8-3-21, വികസനഫണ്ട് , ജനറൽ)

തരിശ്ശുകൃഷി ചെയ്യുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും കൃഷി ചെയ്ത ഭൂമിയുടെ അളവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി ഭൂമി എത്ര വർഷം തരിശായിരുന്നു, നിലവിലെ കൃഷി തരിശിട്ടതിനുശേഷം ആദ്യമായാണോ ചെയ്യുന്നത് എന്നത് സംബന്ധിച്ച കാര്യങ്ങൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇക്കാര്യത്തെക്കുറിച്ച് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല.(എൻക്വയറി 2/9.9.21)

പദ്ധതി മാർഗരേഖകൾ, സർക്കാർ ഉത്തരവുകൾ എന്നിവ പാലിച്ച മാത്രം പദ്ധതികൾ നടപ്പിലാക്കുവാൻ നിർവഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

**1-20 കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിങ്ങ് ഫണ്ട്-തുടർപ്രവർത്തനങ്ങൾ ഉറപ്പാക്കേണ്ടതാണ്.**

2020-2021 വർഷത്തിൽ വി.ഇ.ഓ ,സർക്കിൾ 1, പ്രോജക്റ്റ് നം 10/21-കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിങ്ങ് ഫണ്ട് എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഒരു കുടുംബശ്രീ യൂണിറ്റിന് 10000 രൂപ എന്ന നിരക്കിൽ 20 യൂണിറ്റിന് ആകെ 2,00,000 രൂപ വികസന ഫണ്ടിൽനിന്നും ചെലവഴിച്ചിട്ടുണ്ട്.

ബിൽ നമ്പർ 6/14.9.2020 മുഖേന 2,00,000 രൂപ താഴെ കൊടുത്ത പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നം. | കുടുംബശ്രീ യൂണിറ്റിന്റെ പേര് | നല്കിയ തുക |
|---|---|---|
| 1 | കാരുണ്യ കുടുംബശ്രീ, വണ്ടിത്താവളം | 10000 |
| 2 | തേജസ്സ് കുടുംബശ്രീ<br>വിളക്കനാംകോട് | 10000 |
| 3 | മുഹബത്ത് കുടുംബശ്രീ<br>കരിപ്പാലി | 10000 |
| 4 | കൈരളി കുടുംബശ്രീ<br>കരിപ്പാലി | 10000 |
| 5 | മൈത്രി കുടുംബശ്രീ<br>ആറ്റാഞ്ചേരി | 10000 |
| 6 | മുത്തുമാരിയമ്മ കുടുംബശ്രീ<br>വിളക്കനാംകോട് | 10000 |
| 7 | സൂര്യ കുടുംബശ്രീ<br>ക്ലമൻകാട് | 10000 |
| 8 | ക്ഷേത്ര കുടുംബശ്രീ<br>കടുചിറ | 10000 |
| 9 | ജയം കുടുംബശ്രീ<br>തെക്കേക്കാട് | 10000 |
| 10 | ഹരിശ്രീ കുടുംബശ്രീ<br>പള്ളത്താംപുള്ളി | 10000 |

| | | |
|---|---|---|
| 11 | തണൽ കുടുംബശ്രീ<br>കാവിൽകളം | 10000 |
| 12 | കാർത്തിക കുടുംബശ്രീ<br>കുറ്റിക്കൽചള്ള | 10000 |
| 13 | ധനശ്രീ കുടുംബശ്രീ<br>വിളക്കനാംകോട് | 10000 |
| 14 | തനിമ കുടുംബശ്രീ<br>പനങ്കാവ് | 10000 |
| 15 | ഭഗവതി കുടുംബശ്രീ<br>എറവക്കോട് | 10000 |
| 16 | താലോലം കുടുംബശ്രീ<br>കടുചിറ | 10000 |
| 17 | സൗഹൃദം കുടുംബശ്രീ<br>പനങ്കാവ് | 10000 |
| 18 | ഗംഗ കുടുംബശ്രീ<br>വിളക്കനാംകോട് | 10000 |
| 19 | തുളസി കുടുംബശ്രീ<br>പനങ്കാവ് | 10000 |
| 20 | ആര്യ കുടുംബശ്രീ<br>പനങ്കാവ് | 10000 |
| | ആകെ | 2,00,000 |

മുദ്രപത്രത്തിൽ കരാർ ചമച്ചശേഷമാണ് യൂണിറ്റുകൾക്ക് തുക നൽകിയിട്ടുള്ളത് . റിവോൾവിങ്ങ് ഫണ്ട് തുക ഉപയോഗിച്ച് അയൽക്കൂട്ട അംഗങ്ങൾക്ക് വായ്പ നല്കി വരുമാനദായക പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കേണ്ടതാണെന്നും 10 വർഷക്കാലംവരെ ടി സംഖ്യ അംഗങ്ങൾക്ക് വീതിച്ച് നൽകുവാനോ പാടില്ല എന്ന് നിബന്ധന ഉണ്ട്. ഇത് കൂടാതെ കുടുംബശ്രീ യൂണിറ്റ് പിരിച്ചുവിടുകയാണെങ്കിൽ റിവോൾവിങ്ങ് ഫണ്ട് തുക തിരികെ അടവാക്കണമെന്നും വ്യവസ്ഥയുണ്ട്. കുടുംബശ്രീ യൂണിറ്റുകളുടെ തുടർപ്രവർത്തനങ്ങൾ കൃത്യമായി വിലയിരുത്തി കരാർ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് നിർവഹണ ഉദ്യോഗസ്ഥരും, മോണിറ്ററിങ്ങ് സമിതിയും ഉറപ്പാക്കേണ്ടതാണ്.

റിവോൾവിങ്ങ് ഫണ്ട് ലഭിച്ചശേഷം ഏതെങ്കിലും ഗ്രൂപ്പ് പിരിയുകയോ തുക തിരിച്ചടയ്ക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിയ്ക്ക്(13/15.9.21) മറുപടി ലഭിച്ചില്ല.

<u>1-21 പി എം എ വൈ പദ്ധതിയ്ക്ക് വിഹിതം നൽകിയത്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്</u>

2020-21 വർഷത്തിൽ പി എം എ വൈ പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്തിന്റെ വിഹിതം കൊല്ലങ്കോട് ബ്ളോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് വി ഇ ഓ- 1 ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട് .

ബ്ലോക്കിലേക്ക് നല്കിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

ചെലവിന്റെ വിശദാംശങ്ങൾ 1-21-1, 1-21-2 ആയി ചേർക്കുന്നു.

## 1-21-1 പി എം എ വൈ-ഗ്രാമപഞ്ചായത്ത് വിഹിതം-ജനറൽ

| ക്രമ നമ്പർ | പ്രോജക്റ്റിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 238/21,പി എം എ വൈ-ഗ്രാമപഞ്ചായത്ത് വിഹിതം-ജനറൽ | 5,60,000 | 560000 രൂപ<br>ബിൽ നം.8/6.1.21 |

## 1-21-2 പി എം എ വൈ-ഗ്രാമപഞ്ചായത്ത് വിഹിതം-എസ് സി പി

| ക്രമ നമ്പർ | പ്രോജക്റ്റിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 233/21,പി എം എ വൈ-ഗ്രാമപഞ്ചായത്ത് വിഹിതം-എസ് സി പി | 140000 | 140000 രൂപ<br>ബിൽ നം.9/6.1.21 |

## 1-22 എൽ.ഇ.ഡി തെരുവു വിളക്കുകൾ വാങ്ങൽ-നടപടിക്രമങ്ങളിൽ അപാകം

പ്രോ.നം.208/21-എൽ.ഇ.ഡി തെരുവു വിളക്കുകൾ വാങ്ങൽ (സ്പിൽ ഓവർ)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 948200 രൂപ (CFC )

ചെലവ് - 924314രൂപ , ബിൽ നം. 19/4-9-2020,
ഇൻവോയ്സ് നം. CD/19-20/R/27/3-10-2019, 296 എണ്ണം

25 വാട്ടിന്റെ 296 എൽ.ഇ.ഡി ലാമ്പുകൾ സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (SILK), തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ടാണ് വാങ്ങിയിട്ടുള്ളത്. 25 വാട്ടിന്റെ ലാമ്പ് ഒന്നിന് 3200 രൂപയാണ് സ്ഥാപനം ഈടാക്കിയിട്ടുള്ളത്.

പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 30-09-2019 ലെ തീരുമാനം നം. 1 പ്രകാരം സിൽക്കിൽ നിന്ന് രണ്ട് വർഷത്തെ വാറണ്ടിയുള്ള ലാമ്പുകൾ വാങ്ങുന്നതിനായി തീരുമാനമെടുത്തിട്ടുണ്ട്.

25-07-2017ലെ സ.ഉ (പി) നം.95/2017/ഫിൻ ഉത്തരവിന്റെ അനുബന്ധത്തിലെ ക്രമ നം. 11 പ്രകാരം ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ പ്രൊജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി (PMC) പ്രവർത്തിക്കുന്നതിനാണ് SILK എന്ന സ്ഥാപനത്തിന് അക്രഡിറ്റേഷൻ ഉള്ളത്. പി.എം.സി ആയി പ്രവർത്തിക്കുന്ന അക്രഡിറ്റഡ് ഏജൻസി പ്രവൃത്തികളുടെ നടത്തിപ്പിനായി സുതാര്യമായ രീതിയിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നടത്തുന്ന ഏജൻസിയെ തെരഞ്ഞെടുക്കുവാൻ സഹായം നൽകേണ്ടതാണെന്ന് ഉത്തരവിലെ ഖണ്ഡിക 9 ൽ വ്യക്തമാക്കിയിട്ടുണ്ട്. SILK എന്ന സ്ഥാപനത്തിന് നേരിട്ട് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള അധികാരമില്ല.

സ.ഉ (പി) നം.118/2018/ഫിൻ തിയതി 03-08-2018 പ്രകാരം പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിനെ സാധനങ്ങൾ വാങ്ങുന്നതിനായി ചുമതലപ്പെടുത്താമെങ്കിലും സ്ഥാപനം ടെണ്ടർ നടപടികളിലൂടെ ഒരു തേർഡ് പാർട്ടിയെ തെരഞ്ഞെടുക്കേണ്ടതാണെന്നും പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിന് സെന്റേജ് ചാർജിന് അർഹതയുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപനങ്ങൾക്ക് നേരിട്ട് സാധനങ്ങളും സേവനങ്ങളും നൽകുന്നതിനുള്ള അക്രഡിറ്റേഷൻ ഉള്ള സ്ഥാപനങ്ങൾക്ക് കുറഞ്ഞത് 50% സാധനങ്ങളും സേവനങ്ങളും സ്വന്തമായി വിതരണം ചെയ്യുന്നതിനുള്ള ശേഷി ഉണ്ടായിരിക്കേണ്ടതാണെന്ന് ഉത്തരവിൽ നിബന്ധനയുണ്ട്. SILK എന്ന സ്ഥാപനം അത്തരത്തിൽ സാധനങ്ങളും സേവനങ്ങളും നേരിട്ട് വിതരണം ചെയ്യുന്നതിനുള്ള അക്രഡിറ്റേഷൻ എടുത്തിട്ടില്ല. ആയതിനാൽ SILKന് ടെണ്ടർ കൂടാതെ നേരിട്ട് തെരുവു വിളക്കുകൾ വിതരണം ചെയ്യുന്നതിനുള്ള അർഹതയില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.46, 9.47, 9.48 എന്നിവയിൽ സാധനങ്ങൾക്ക് ടെണ്ടർ ക്ഷണിച്ചതിനുശേഷം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിന്റെ ടെണ്ടറിലെ നിരക്ക്

യുക്തിഭദ്രമാണോ (Reasonable) എന്ന് പരിശോധിക്കുവാനും യുക്തിഭദ്രമല്ലെങ്കിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടറുമായി മാത്രം വില പേശൽ നടത്തി വില കുറവ് ചെയ്യുവാനും ഉദ്ദേശിച്ച നിരക്കിലേക്ക് കുറവ് ചെയ്യാത്തപക്ഷം പുനർടെണ്ടർ നടത്തേണ്ടതാണെന്ന നിബന്ധനയുമുണ്ട്. ഗ്രാമപഞ്ചായത്തിൽ പ്രസ്തുത വാങ്ങലുകൾ നേരിട്ടുള്ള വാങ്ങൽ നടത്തിയപ്പോൾ എപ്രകാരമാണ് എൽ.ഇ.ഡി ലാമ്പുകളുടെ വില നിശ്ചയിച്ചതെന്നതിന് രേഖകൾ ഇല്ല. മാത്രമല്ല മാർക്കറ്റ് നിരക്കുമായി പൊരുത്തപ്പെടുത്തി സ്ഥാപനത്തിന്റെ യുക്തിഭദ്രത ഉറപ്പാക്കിയിട്ടുമില്ല. നിരക്കിന്റെ യുക്തിഭദ്രത ഉറപ്പാക്കാതിരുന്നതിനാൽ ധനനഷ്ടം ഉണ്ടായിട്ടുള്ളതായും ഓഡിറ്റ് വിലയിരുത്തുന്നു.

അക്രഡിറ്റഡ് ഏജൻസിയായ സിൽക്ക് മുഖേന വാങ്ങൽ നടത്തുന്നതിനാണ് പ്രോജക്റ്റിന് അംഗീകാരം ലഭ്യമാക്കിയിട്ടുള്ളത്. മേൽ ഉത്തരവുകൾ ഒന്നും പരിഗണിക്കാതെയാണ് സിൽക്കിൽ നിന്നും എൽ.ഇ.ഡി ലാമ്പുകൾനേരിട്ട് വാങ്ങുന്നതിന് പ്രോജക്റ്റ് തയ്യാറാക്കിയത്. ആസൂത്രണത്തിലെ പാളിച്ചയാണ് നിർവ്വഹണത്തിലെ വീഴ്ചക്ക് കാരണമായിട്ടുള്ളത്. പ്രോജക്റ്റിന്റെ അംഗീകാരത്തിനു മുമ്പായി വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ, വെറ്റിംഗ് നടത്തിയ ഉദ്യോഗസ്ഥനോ പ്രോജക്റ്റിന്റെ കൃത്യത ഉറപ്പാക്കിയിട്ടില്ല. നിർവ്വഹണം നടത്തുന്നതിനു മുമ്പായി നിർവ്വഹണ ഉദ്യോഗസ്ഥനും കൃത്യത ഉറപ്പാക്കിയിട്ടില്ല.

## 1-23 ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നൽകിയ തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

2020-21 വർഷത്തിൽ താഴെ സൂചിപ്പിക്കുന്ന ഡെപ്പോസിറ്റ് വർക്കുകൾക്കായി നിർവ്വഹണ ഏജൻസികൾക്ക് സെക്രട്ടറി അക്കൗണ്ട് ട്രാൻസ്ഫറായി നല്കിയ തുകകളുടെ വിനിയോഗവിവരം ലഭ്യമായിട്ടല്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

നിർവ്വഹണം-സെക്രട്ടറി

| ക്രമ നം | പദ്ധതിയുടെ പേരും നമ്പരും | അടങ്കൽ | ചെലവ് | ബിൽ നമ്പരും തുകയും | നിർവഹണ എജൻസി | വിനിയോഗ വിവരം ലഭിക്കേണ്ട തുക |
|---|---|---|---|---|---|---|
| 1 | 13/21-ഇലക്ട്രിക്ക് പോസ്റ്ററ് ഷിഫ്ററിങ്ങ് | 145132 CFC-Basic Grant | 32874 | 1)39/9.2.21-19364 2)40/9.2.21-13240 | KSEB, വണ്ടിത്താവളം | 32874 |
| 3 | 222/21-ജലജീവൻ മിഷൻ-സമ്പൂർണ്ണ കുടിവെള്ള പദ്ധതി | 2675000 | 1349000 | 41/17.2.21 1349000 | KWA, PH Divison, പാലക്കാട് | 1349000 |
| 4 | 230/21-മുട്ടുചിറ പുത്തൻകുടി കുടിവെള്ള പദ്ധതി | 117000 | 117000 | 28/27.10.20 50,000 29/27.10.20 67,000 | KWA | 117000 |

ഓഡിറ്റ് നിർദേശം

ഡെപ്പോസിറ്റ് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ മോണിറ്ററിംഗ് കർശനമാക്കേണ്ടതാണ്. പ്രവർത്തികളുടെ പൂർത്തീകരണം, വിനിയോഗ രേഖകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (എൻക്വയറി 10/15.9.21).

1-24 SSA യ്ക്ക് വിഹിതം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

പ്രോ.നം.3/21-SSA യ്ക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നല്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 254248 രൂപ, വികസന ഫണ്ട് (ജനറൽ)

ചെലവ് - 254248 രൂപ , ബിൽ നം. 20/4-9-2020.

SSA യ്ക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നല്കൽ എന്ന് പദ്ധതിയ്ക്കായി പദ്ധതിയുടെ ജില്ലാ പ്രോജക്റ്റ് ഓഫീസറുടെ അക്കൗണ്ടിലേക്ക് തുക കൈമാറിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (എൻക്വയറി 11/15.9.21).

1-25 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ -അവലോകനം

2020-21 വർഷത്തെ കൊറോണ രണ്ടാം തരംഗത്തിനെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങളിൽ ഗ്രാമപഞ്ചായത്ത് സജീവമായി ഇടപെടുകയും രോഗികൾക്ക് ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. തനത് ഫണ്ടിൽ നിന്നാണ് ഈയിനത്തിലെ ഭൂരിഭാഗം ചെലവുകളും നടത്തിയിരിക്കുന്നത്. 2020-21 വർഷത്തിൽ കോവിഡ്-19 പ്രതിരോധ പ്രവർത്തനത്തിനായി ചെലവഴിച്ച തുകകളും അനുബന്ധരേഖകളും പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ കാര്യങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ചെലവിനം | തുക |
|---|---|---|
| 1 | മൈക്ക് അനൗൺസ്മെന്റ് | 4150 |
| 2 | കമ്മ്യൂണിറ്റി കിച്ചൺ | 44865 |
| 3 | മാസ്ക്, ഫെയ്സ് ഷീൽഡ് | 11000 |
| 4 | സൈാനിറ്റൈസർ | 9344 |
| 5 | വൈദ്യുതി | 959 |
| 6 | ക്ലീനിങ്ങ് | 10885 |
| 7 | ടെസ്റ്റ് കിറ്റ് | 2230 |
| 8 | പ്ലംബിങ്ങ് | 21226 |
| 9 | CFLTCയിലേക്ക് കിടക്ക, തലയണ വാങ്ങിയത് | 68542 |
| 10 | കൈകഴുകുന്നതിന് സജ്ജീകരണങ്ങൾ | 9150 |
| 11 | ഭക്ഷണം | 28450 |
| 12 | വാഹന വാടക | 58084 |
| 13 | മറ്റ് പലവക ചെലവുകൾ | 6458 |
| | ആകെ | 275343 |

പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിൽ കൊറോണ ബാധിതരുടെ എണ്ണം, ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് എന്നിവ വളരെയധികം കൂടിയിരുന്ന സാഹചര്യത്തിൽ വീട്ടിൽ ക്വാറന്റീൻ സൗകര്യമില്ലാതിരുന്ന രോഗികൾക്ക് താമസിക്കുന്നതിനായി പഞ്ചായത്ത് പരിധിയിലെ സ്കൂളുകളിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി കൊറോണ കെയർ സെൻററുകൾ സജ്ജീകരിക്കുന്നതിനും, അവയുടെ നടത്തിപ്പിനുമാണ് കൂടുതലും തുക ചെലവഴിച്ചിട്ടുള്ളത്. ആരോഗ്യപ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ, വിവിധ തലങ്ങളിലുള്ള അധികൃതർ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെ രോഗവ്യാപനം ദീർഘസമയത്തിന് ശേഷം നിയന്ത്രണവിധേയമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

തനത് വരുമാനം കുറവായ പട്ടഞ്ചേരി പോലുള്ള ഗ്രാമപഞ്ചായത്തിന് കോവിഡ് മഹാമാരി മൂലം അധിക ചെലവ് ഉണ്ടാക്കിയിട്ടുണ്ടെങ്കിലും, ജനങ്ങളുടെ സുരക്ഷ മുൻനിർത്തി നല്ല രീതിയിലുള്ള പ്രവർത്തനം കാഴ്ചവെക്കാനായിട്ടുണ്ട്.

## 1-26 പൊതുമരാമത്ത്- പൊതുവായ അപാകതകൾ:-

1) എഗ്രിമെന്റ് വെച്ചതിനുശേഷം പ്രവൃത്തികൾ നാളിതുവരെ ആരംഭിക്കാത്ത കരാറുകാരുടെ പ്രവൃത്തികൾ പുതിയ കരാറുകാരെ കണ്ടെത്തി നൽകുവാനും ആയതിന്റെ നഷ്ടോത്തരവാദിത്തം കരാറുകാരിൽ നിന്നും ഈടാക്കുവാനും കരാറുകാരെ കരിമ്പട്ടികയിലുൾപ്പെടുത്തുവാനും 14-02-2020 യോഗം ഐകകണ്ഠേന തീരുമാനമെടുത്തിട്ടുണ്ട് (തീരുമാനം നം. 8). തുടർ നടപടികൾ സ്വീകരിക്കുവാൻ എ.ഇ, എൽ.എസ്.ജി.ഡി യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

യോഗത്തിൽ 3 കരാറുകാരുടെ 11 പ്രവൃത്തികളാണ് ആരംഭിക്കാത്തതായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. എന്നാൽ 19 പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലെന്ന് കണ്ടെത്തുകയും ആയത് റീടെണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്. റീടെണ്ടറിൽ ആരും പങ്കെടുക്കാതിരുന്നതിനെത്തുടർന്ന് 19 പ്രവൃത്തികളും സ്പിൽഓവറാക്കുകയും 15-05-2020 ലെ തീരുമാനം നം.1 പ്രകാരം റീടെണ്ടർ ചെയ്യുവാൻ എ.ഇ യെ ചുമതലപ്പെടുത്തുകയും ചെയ്തു.

14-02-2020 ലെ യോഗതീരുമാനം നം. 8 പ്രകാരം കരാറുകാരെ കരിമ്പട്ടികയിൽപെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും കരാറുകാരുടെ പട്ടിക മേലധികാരികൾക്ക് അയച്ചു കൊടുക്കുകയോ കരാറുകാരെ കരിമ്പട്ടികയിൽപെടുത്തി ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്തിട്ടില്ല.

PWD Manual, 2012 ലെ സെക്ഷൻ 2116.2(V) പ്രകാരം കരാറുകാരന്റെ ലൈസൻസ് റദ്ദാക്കാവുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതും അഞ്ചു വർഷത്തേക്ക് മറ്റൊരു പ്രവൃത്തി നിർവ്വഹിക്കുന്നതിൽ നിന്നും വിലക്ക് ഏർപ്പെടുത്തുവാനും ഓഡിറ്റ് ശുപാർശ ചെയ്തിരുന്നു. ആയതിന്മേലുള്ള നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

2) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനായി ഐ.കെ.എം വികസിപ്പിച്ച സചിത്ര സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതാണെന്ന് സർക്കുലർ നം. തസ്വഭവ-ഐ.ബി-1/141/2017/തസ്വഭവ തിയതി 23-08-2017 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ആയത് പാലിച്ചതായി കാണുന്നില്ല. ആയത് കാലികമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3)കുടിവെള്ള പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ഭൂജലവകുപ്പിന്റെ അനുമതിയോടുകൂടി കുഴൽക്കിണർ നിർമ്മാണം നടത്തിയെങ്കിലും വെള്ളം കണ്ടെത്താതിരുന്നതിനാൽ പദ്ധതി പാതി വഴിയിൽ ഉപേക്ഷിച്ചതായികാണപ്പെട്ടു. ഉപേക്ഷിക്കുന്ന കുഴൽ കിണറുകളുടെ കാര്യത്തിൽ കേരള ഹൈക്കോടതിയുടെ ഉത്തരവിൻപ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് ആയത് ഉറപ്പുവരുത്തിയതായി കണ്ടില്ല. ടി പ്രവൃത്തിയുടെ കാര്യത്തിൽ ഉപേക്ഷിക്കുന്ന കുഴൽ കിണർ കേസിംഗ് ക്യാപ്പുപയോഗിച്ച് മൂടി സുരക്ഷ ഉറപ്പുവരുത്തി അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടിയായി 07-06-2021ലെ ഭരണസമിതിയുയെ തീരുമാനപ്രകാരം പദ്ധതി ഉപേക്ഷിച്ചിരുന്നതിനാലും നാമമാത്ര തുകയായിരുന്നതിനാലും ടി ഇനം അളവുപുസ്തകത്തിൽ രേഖപ്പെടുത്താതിരുന്നതാണെന്നും പദ്ധതി പരാജയപ്പെട്ടപ്പോൾത്തന്നെ എൻഡ് ക്യാപ്പിട്ട് മൂടിയിരുന്നുവെന്നും മറുപടി നല്കിയിട്ടുണ്ട്. അളവുപുസ്തകങ്ങളിൽ പ്രാഥമിക രേഖപ്പെടുത്തലുകൾ ഒഴിവാക്കരുത്. ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 തൊഴിലുറപ്പുപദ്ധതിയിൽ-പാറപ്പൊടി ഉപയോഗം പരിമിതപ്പെടുത്തുന്നത് സംബന്ധിച്ച്:-

തൊഴിലുറപ്പുപദ്ധതിയുടെ ഭാഗമായി 2020-21 സാമ്പത്തികവർഷത്തിൽ 15 ഇടവഴികൾ കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. ടി പ്രോജക്റ്റുകളുടെ ഫയൽ പരിശോധിച്ചതിൽ 1:2:4അനുപാതത്തിൽ കോൺക്രീറ്റ് ചെയ്യുന്ന അളവിൽ ഉപരിതലം ഒരുക്കുന്നതോടോപ്പം, അതേ അളവിൽ എല്ലാ പ്രവർത്തികളിലും പാറപ്പൊടി

കൊണ്ട് 10 സെന്റീമീറ്റർ കനത്തിൽ ഫില്ലിംഗ് നടത്തുന്നുണ്ട്. ആയത് ക്രമപ്രകാരമല്ല തൊഴിലുറപ്പുപദ്ധതിയുടെ ഭാഗമായതിനാൽ പരമാവധി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിലേക്ക് എർത്ത് ഫില്ലിംഗിന് കൂടി പ്രാധാന്യം കൊടുക്കേണ്ടതാണ്. മാത്രവുമല്ല ഫില്ലിംഗ് ആവശ്യമുള്ള സ്ഥലങ്ങളിൽ മാത്രമായി പാറപ്പൊടി ഉപയോഗം പരിമിതപ്പെടുത്താവുന്നതാണ്. ഓഡിറ്റ് നിരീക്ഷണത്തിൽനിന്നുള്ള ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്. അളവുപുസ്തകം നം. | സർഫസ് ഡ്രെസിംഗ് നീളം | സിമെന്റ് കോൺക്രീറ്റ് 1:2:4 നീളം | പാറപ്പൊടിഫില്ലിംഗ് നീളം |
|---|---|---|---|---|
| 1 | നെടുമ്പള്ളം (423/18-19) | 40.30 മീ | 40.30 മീ | 40.30 മീ |
| 2 | മാഞ്ചിറപ്പാടം (254/18-19) | 63.6മീ | 63.6മീ | 63.6മീ |
| 3 | ആറ്റാശ്ശേരി (2/20-21) | 69.2മീ | 69.2മീ | 70.9മീ |
| 4 | ആനക്കാട് | 88മീ | 94മീ | 94മീ |

ഇതു സംബന്ധിച്ച് 18.9.21ന് നല്കിയ 18-ംനമ്പർ ഓഡിറ്റ് അന്വേഷണത്തിന് ഭാവിയിൽ പാറപ്പൊടി ഉപയോഗം പരിമിതപ്പെടുത്തി തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കാമെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 6.09.2021 മുതൽ 18.09.2021 വരെ | അനുബന്ധം -1 കാണുക |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| സ്ഥാപനം | വർഷം | | | | |
|---|---|---|---|---|---|
| ബ്ലോക്ക് ഷെയർ | 2017-18 | 416270 | ഗ്യാസ് ക്രിമട്ടോറിയം | 31147 | 25123 |
| | 2017-18 | 470652 | വിവിധ പദ്ധതികൾ (വിശദാംശം ലഭ്യമല്ല) | 470652 | 0 |
| | 2018-19 | 12121 | ലൈഫ് | 12121 | 0 |
| | 2018-19 | 500000 | ഭവന നിർമ്മാണ സാമഗ്രി യൂണിറ്റ് | 0 | 500000 |
| | 2019-20 | 23730 | ലൈഫ് മിഷൻ | 23730 | 0 |
| | | 64450 | വൃദ്ധർക്ക് കട്ടിൽ | 0 | 64450 |
| ബ്ളോക്ക് പഞ്ചായത്ത് | 2020-21 | 199998 | പാലിയേറ്റീവ് കെയർ | 199998 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2020-21 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| | 2020-21 | 160000 | ലൈഫ് ഭവനം | 160000 | 0 |
| | 2020-21 | 1883200 | നെൽകർഷകർക്ക് ഉഴവുകൂലി | 1883200 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 24398 | ലൈഫ്-ഭവനം | 24398 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 25237 | ഉഴവുകൂലി | 25237 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 91000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 91000 | 0 |
| | 2020-21 | 50000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 150000 | 0 |
| | 2020-21 | 920000 | ലൈഫ്-ഭവനം | 920000 | 0 |
| | 2020-21 | 146000 | ലൈഫ്-ഭവനം | 146000 | 0 |
| | 2020-21 | 3520000 | ഉഴവുകൂലി | 3520000 | 0 |
| | 2020-21 | 3520000 | ഉഴവുകൂലി | 3520000 | 0 |
| | 2020-21 | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |

ജില്ലാ പഞ്ചായത്തിന്റേയും ബ്ലോക്ക് പഞ്ചായത്തിന്റേയും വിഹിതങ്ങളുടെ കൃത്യമായ വരവ്-ചെലവ് കണക്കുകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലുള്ള തുകകളാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്.

ആയത് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ചെലവഴിക്കാതെ അവശേഷിക്കുന്ന സംയുക്ത പ്രോജക്റ്റുകളുടെ തുക അതാത് സ്ഥാപനങ്ങളിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നല്കിയ തുക

2020-21 വർഷത്തിൽ താഴെ സൂചിപ്പിക്കുന്ന ഡെപ്പോസിറ്റ് വർക്കുകൾക്കായി നിർവ്വഹണ ഏജൻസികൾക്ക് തുകകൾ നല്കിയിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

നിർവ്വഹണം-സെക്രട്ടറി

| ക്രമ നം | പദ്ധതിയുടെ പേരും നമ്പരും | ചെലവ് | ബിൽ നമ്പരും തുകയും | നിർവഹണ എജൻസി | വിനിയോഗ വിവരം ലഭിക്കേണ്ട തുക |
|---|---|---|---|---|---|
| 1 | 13/21-ഇലക്ട്രിക്ക് പോസ്ററ് ഷിഫ്ററിങ്ങ് | 32874 | 1)39/9.2.21-19364<br>2)40/9.2.21-13240 | KSEB , വണ്ടിത്താവളം | 32874 |
| 3 | 222/21-ജലജീവൻ മിഷൻ-സമ്പൂർണ്ണ കുടിവെള്ള പദ്ധതി | 1349000 | 41/17.2.21 1349000 | KWA, PH Divison , പാലക്കാട് | 1349000 |
| 4 | 230/21-മുട്ടച്ചിറ പുത്തൻകടി കുടിവെള്ള പദ്ധതി | 117000 | 28/27.10.20 50,000<br>29/27.10.20 67,000 | KWA | 117000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷത്തിൽ 660000 വായ്പ വരവുണ്ട്. തൻവർഷം തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ബാക്കിയുള്ള തുക |
| ലൈഫ്-KURDFC വായ്പ | - | | 63095012 | 3598824 | .. | 60156188 |

സ്രോതസ്സിൽ നിന്നും തൻവർഷം 1426950+2040070(ജനറൽ)+65902*2(എസ്.സി.പി) രൂപയും ചേർത്ത് 3598824രൂപ കുറവു ചെയ്തിട്ടുണ്ട്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 110356രൂപയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| 2018-19 | 1-20 | 102856 | 120050500009/7-9-2020 | * അസി.എഞ്ചിനിയർ |
| 2013-14 മുതൽ 2017-18(സി.എ.ജി) | 1-3 | 5000 | 120050102390/28-10-2020 | ശ്രീ.രാധാകൃഷ്ണൻ &വിജയകുമാർ |
| 2013-14 മുതൽ 2017-18(സി.എ.ജി) | 1-3 | 2500 | 120050102391/28-10-2020 | ഷൺമുഖൻ, PWD കോൺട്രാക്ടർ |
| ആകെ | | 110356 | | |

* - ടെണ്ടർഫോമിന്റെ വില AE ഓഫീസിൽ നിന്നും പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് അടവാക്കിയത്

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഖണ്ഡികകളൊന്നും തീർപ്പാക്കുവാൻ അവശേഷിക്കുന്നില്ല.

## 4-9 ചാർജ്ജ്- സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുക

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 17192867 |
| ഓഡിറ്റ് വർഷത്തെ വരവ് | 126018722 |
| ആകെ | 143211589 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ചെലവ് | 126794139 |
| നീക്കിയിരിപ്പ് | 16417450 |
| വരവിനങ്ങളിലുള്ള നഷ്ടം | -ഒന്നുമില്ല- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -ഒന്നുമില്ല- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | -ഒന്നുമില്ല- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
നഷ്ടം ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക
ഒന്നുമില്ല

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ
നഷ്ടം, തടസ്സം എന്നിവ ഇല്ല

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി9/597/99/24-9-1999 | 8 |
| 1997-98 | എൽ.എഫ്.പി12/244/03/2-4-2003 | 2 |
| 1998-99 | എൽ.എഫ്.പി12/414/02/1-10-2002 | 8 |
| 1999-2000 | എൽ.എഫ്.പി11/1557/09/6-9-2010 | 2 |
| 2000-2001 | എൽ.എഫ്.പി11/1247/08/ 19-2-2009 | 7 |
| 2001-02 | എൽ.എഫ്.പി11/1542/09/ 13-4-2010 | 2 |
| 2002-03 | എൽ.എഫ്.പി11/79/09/11-2-2009 | 1 |
| 2003-04 | എൽ.എഫ്.പി11/948/08/ 22-10-2009 | 6 |
| 2004-05 | എൽ.എഫ്.പി11/1371/11/ 20-9-2011 | 4 |
| 2005-06 | എൽ.എഫ്.പി19/595/15/11-6-15 | 7 |
| 2006-07 | എൽ.എഫ്.പി11/1332/ Spl.Cell/C.Sc/D3/12/ 1-1-13 | 2 |
| 2007-08 | എൽ.എഫ്.പി11/375/12/ 10.4.12 | 7 |

| | | |
|---|---|---|
| 2008-09 | എൽ.എഫ്.പി11/1979/11/ /16-1-12 | 6 |
| 2009-10 & 2010-11 | കെ.എസ്.എ.പി.കെ.ഡി-19/328/16(2)/20.3.17 | 11 |
| 2011-12 | കെ.എസ്.എ.പി.കെ.ഡി-19/481/14/ 3.514 | 11 |
| 2012-13 | കെ.എസ്.എ.പി.കെ.ഡി-19/392(1)/15/ 20.4.17 | 7 |
| 2013-14 & 2014-15 | കെ.എസ്.എ.പി.കെ.ഡി-19/466/16/ 4-4-17 | 12 |
| 2015-2016 | കെ.എസ്.എ.പി.കെ.ഡി-19/119/ 17/8-2-17 | 3 |
| 2016-17 | കെ.എസ്.എ.പി.കെ.ഡി-19/1359/ 17/13-8-2017 | 14 |
| 2017-2018 | കെ.എസ്.എ.പി.കെ.ഡി-19/1359/ 17/13-8-2017 | 24 |
| 2018-19 | കെ.എസ്.എ.പി.കെ.ഡി-19-2119/2018/14-11-2018 | 24 |
| 2019-2020 | കെ എസ് എ പി കെ ഡി -19-674/2021/28-6-21 | 27 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്)

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

# വാർഷികധനകാര്യ പത്രിക സംഗ്രഹം

| | | | |
|---|---|---|---|
| | Pattanchery Grama Panchayat<br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.N0 | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 17151856.00 |
| Cash | Cash | RP-40(a) | 41011.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 983440.00 |
| 140000000 | Fees & User Charges | | 1671725.00 |
| 150000000 | Sale & Hire Charges | RP-5 | 207506.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 92091762.00 |
| 171000000 | Interest Earned | RP-9 | 129960.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 8040631.00 |
| 350000000 | Other Liabilities | RP-36 | 50414.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 147243.00 |
| 311000000 | Earmarked Funds | RP-29 | 730.00 |
| 330000000 | Secured Loans | RP-32 | 660000.00 |
| 340000000 | Deposits Received | RP-34 | 349856.00 |
| 350000000 | Other Liabilities | RP-36 | 130746.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2409240.00 |
| 460000000 | Loans, Advances and Deposits | RP-47 | 1952602.00 |
| | Grand total | | 126018722.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2628536.00 |
| 220000000 | Administrative Expenses | RP-12 | 1607251.00 |
| 230000000 | Operations & Maintenance | RP-13 | 954418.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 17079448.00 |
| 251000000 | Decentralised Plan Programme-Service Sector | RP- 16 | 18145352.00 |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 14876147.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 1740744.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP- 19 | 3952435.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 11232097.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 654192.00 |
| 280000000 | Prior Period item | RP-26 | 1746936.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3873040.00 |
| 350000000 | Other Liabilities | RP-36 | 5849071.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 16679.00 |
| 280000000 | Prior Period Item | RP-26 | -10470.00 |
| 311000000 | Earmarked Funds | RP-29 | 20.00 |
| 340000000 | Deposits Received | RP-34 | 107773.00 |
| 350000000 | Other Liabilities | RP-36 | 1560866.00 |
| 410000000 | Fixed Assets | RP-38 | 2833015.00 |
| 412000000 | Capital work in Progress | RP-40 | 11357089.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 6989620.00 |
| 440000000 | Pre-paid Expenses | RP-45 | 780000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1627013.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 16401007.00 |
| Cash | Cash | RP-40(b) | 16443.00 |
| | Grand Total | | 126018722.00 |

| | | | |
|---|---|---|---|
| | Pattanchery Grama Panchayat<br>INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.N0 | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | 1-1 | 3300926.00 |
| 130000000 | Rental Income from Panchayat / Municipal Properties | 1-3 | 99545.00 |
| 140000000 | Fee & User Charges | 1-4(b) | 1745435.00 |
| 150000000 | Sale & Hire Charges | 1-5(b) | 207506.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | 1-6 | 206003631.00 |
| 171000000 | Interest Earned | 1-8 | 129960.00 |
| 180000000 | Other Income | | 245639.00 |
| | Total Income | | 211732642.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | 1-10(b) | 11482747.00 |
| 220000000 | Administrative Expenses | 1-11 (b) | 1607251.00 |
| 230000000 | Operations & Maintenance | 1-12(b) | 954418.00 |
| 240000000 | Interest & Finance Charges | 1-13 | 16679.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | | 17079448.00 |
| 251000000 | Decentralised Plan Programme-Service Sector | 1-14(a) | 80844149.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | 1-14(b) | 14876147.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | 1-14(c) | 1740744.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | 1-14(d) | 66559935.00 |
| 255000000 | Maintenance Projects | 1-14(e) | 11232097.00 |
| 256000000 | Other Revenue Grants and | 1-15(a) | 654192.00 |

| | | | |
|---|---|---|---|
| | Funds - Revenue Expenses | | |
| 272000000 | Depreciation | 1-17(a) | 2227129.00 |
| | Total Expenditure | | 209274936.00 |
| | Gross Surplus/ Deficit of income over Expenditure | | 2457706.00 |
| 280000000 | Prior Period Item | 1-18 | 781336.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 1676370.00 |
| 290000000 | Transfer to Reserve Funds | 1-18(a) | 0.0 |

| | | | |
|---|---|---|---|
| | Pattanchery Grama Panchayat<br>BALANCE SHEET | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | | 23830963.11 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | | 18952.00 |
| 312000000 | Reserves | B-3 | 89428395.00 |
| | Total Reserve & Surplus | | 113278310.11 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | | 6388797.00 |
| | Total Grants, Contributions for Specific Purposes | | 6388797.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 60156188.00 |
| | Total Loans | | 60156188.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | | 620708.00 |
| 341000000 | Deposits Works | | 0.0 |
| 350000000 | Other Liabilities | | 2106374.89 |
| | Total Current Liabilities and Provisions | | 2727082.89 |
| | TOTAL LIABILITIES | | 182550378.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 102554167.00 |
| 411000000 | Accumulated Depreciation | B-11 | -8712042.00 |
| 412000000 | Capital Work in Progress | B-ll(a) | 4379559.00 |
| | Total Fixed Assets | | 98221684.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B — 14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 7290418.00 |
| 440000000 | Pre-paid Expenses | B-16 | 60156188.00 |
| 450000000 | Cash and Bank Balance | B-17 | 16417450.00 |
| 460000000 | Loans, Advances and Deposits | B-18 | 464638.00 |

| | | |
|---|---|---|
| | Total Current Assets, Loans and Advances | 84328694.00 |
| | Other Assets | |
| | Miscellaneous Expenditure (To the Extent not written off) | |
| | TOTAL ASSETS | 182550378.00 |